# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3375 — 24/06/13-ൽ മറുപടിക്ക്

**മത്സ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) 2012–13 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ മത്സ്യഉൽപ്പന്നങ്ങളുടെ കയറ്റുമതി വഴിയുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) എം.പി.ഇ.ഡി.എ.യുടെ കണക്കനുസരിച്ച് 3421.61 കോടി രൂപയുടെ വരുമാനം ലഭിച്ചു. |
| (ബി) മുൻവർഷങ്ങളേക്കാൾ കയറ്റുമതിയിൽ എത്ര വർധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) 2011-12 വർഷത്തേക്കാൾ 2012-13 വർഷത്തിൽ കയറ്റുമതിയിൽ 6.26 ശതമാനം വർദ്ധനവ് ഉണ്ടായി. |
| (സി) മത്സ്യക്കൃഷിയുടെ വ്യാപനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | (സി) അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ***മത്സ്യസമൃദ്ധി പദ്ധതി***

ഈ പദ്ധതി കേരളത്തിലെ മത്സ്യോൽപാദനം 1.60 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു.

2. എഫ്.എഫ്.ഡി.എ വഴി നടപ്പാക്കുന്ന ഉൾനാടൻ മത്സ്യകൃഷി വികസനം (75% സി.എസ്.എസ്)

3. ***പരിസ്ഥിതി സൗഹൃദ ചെമ്മീൻകൃഷി***

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകിളിൽ 1150 ഹെക്ടറി ൽ കൃഷി നടപ്പിലാക്കി വരുന്നു.

4. ***ഒരു നെല്ലും ഒരു മീനും - കുട്ടനാട് & കോൾ നിലങ്ങൾ***

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 431 ഹെക്ടർ കുട്ടനാടൻ പാടശേഖരത്തിലും, 4486 ഹെക്ടർ കോൾ നിലങ്ങളിലും പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്.

5. ***കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി***

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ 2500 ഹെക്ടർ കൈപ്പാട് നിലങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി വ്യാപിപ്പിക്കുക എന്നതാണ് ലക്ഷ്യം. പദ്ധതി പ്രകാരം 108.6 ഹെക്ടർ കയ്പ്പാട് നിലങ്ങളിൽ 2 കോടി രൂപ വിനിയോഗിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ നെല്ലും ചെമ്മീനും കൃഷി നടപ്പിലാക്കി വരുന്നു.

6. ***വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യ തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി***

67 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നത്. ഇതുവരെ 53.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 14.58 ലക്ഷം എണ്ണം കാർപ്പ് മത്സ്യങ്ങളും 7.1 ലക്ഷം എണ്ണം ആറ്റുകൊഞ്ചു കുഞ്ഞുങ്ങളും 13,840 എണ്ണം കരിമീൻ കുഞ്ഞുങ്ങളും കായലിൽ നിക്ഷേപിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

7. ***കുട്ടനാടൻ കാർഷിക-പരിസ്ഥിതി പുനരുജ്ജീവനം-സുസ്ഥിര മത്സ്യകൃഷിയിലൂടെ.***

13-ാം ധനകാര്യ കമ്മിഷൻ അവാർഡ് ധനസഹായത്തോടെ 2011 വർഷത്തിൽ ആരംഭിച്ച് 2015 വരെ തുടരുന്ന 19.70 കോടിയുടെ ഒരു സമഗ്ര മത്സ്യകൃഷി വികസന പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയിൻ കീഴിൽ പ്രധാനമായും താഴെപ്പറയുന്ന ഘടകങ്ങൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

| | | |
|---|---|---|
| 1) ഒരു നെല്ലും ഒരു മീനും പദ്ധതി | : | 3000 ഹെക്ടർ |
| 2) പെൻ മത്സ്യകൃഷി | : | 300 യൂണിറ്റ് |
| 3) പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം | : | 3 സാങ്ചറികൾ |
| കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ | | 100 |

പദ്ധതി പൂർത്തീകരണത്തിലൂടെ കുട്ടനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് ഗണ്യമായി വർദ്ധിപ്പിക്കാമെന്നതിനു പുറമെ വരുന്ന 5 വർഷകാലയളവിൽ 70 കോടി രൂപയുടെ ഉല്പാദന വരുമാനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.

8. <u>കുട്ടനാടൻ കായലുകളിൽ കൂടുകളിലെ മത്സ്യകൃഷി</u>

13-ാം ധനകാര്യ കമ്മിഷൻ അവാർഡ് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള മറ്റൊരു പദ്ധതിയാണിത്. ഇതിനായി മൊത്തം 143 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 2012-14 വരെയുള്ള 2 വർഷ കാലായളവിൽ കരിമീൻ മത്സ്യങ്ങളെ കൂടുകളിൽ വളർത്തി വിളവെടുപ്പ് നടത്തുന്ന പദ്ധതിയാണിത്. 20 കൂടുകൾ ഉൾപ്പെടുന്ന 12 യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ 200-ൽ പരം കർഷകർക്ക് പ്രയോജനം ലഭിക്കും. 80% സബ്സിഡി നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നു.

9. <u>ആയിരം തെങ്ങ് ഫാമിൽ കരിമീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രം ആയി ഉയർത്താനുമുള്ള പദ്ധതി</u>

13-ാം ധനകാര്യ കമ്മിഷന്റെ ധനസഹായത്തോടെ മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രകൃത്യാ ഉള്ള കരിമീൻ ആവാസ കേന്ദ്രമായ ആയിരംതെങ്ങു ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രവും ഫാമും ആയി ഉയർത്താനുള്ള ഒരു ബൃഹത് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിനായി 16.60 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഫാമിന്റെ നവീകരണം, വിത്തുല്പാദന കേന്ദ്രം, മത്സ്യരോഗ നിർണ്ണയ ലാബ്, തീറ്റ ഉല്പാദന കേന്ദ്രം, ബോധവൽക്കരണ കേന്ദ്രം മുതലായവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിയുടെ ഭാഗമായി 125 ലക്ഷം രൂപ ചെലവിൽ മത്സ്യത്തീറ്റ യൂണിറ്റും സ്ഥാപിക്കുന്നതാണ്.

ഈ പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ കേരളത്തിന്റെ തനതു മത്സ്യമായ കരിമീനിന്റെ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തമാകുമെന്നും കർഷകർക്ക് വരും കാലങ്ങളിൽ ആവശ്യമായ കരിമീൻ വിത്ത് യഥേഷ്ടം ലഭ്യമാക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

10. <u>ജലസംഭരണികളിൽ മത്സ്യസമ്പത്ത്/ഉല്പാദന വർദ്ധനവിനായുള്ള മത്സ്യവിത്ത് നിക്ഷേപം</u>

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷിയും, മത്സ്യോല്പാദന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഏറ്റവും പ്രധാനപ്പെട്ട

PTO

ഉൾനാടൻ ജലസ്രോതസ്സായ ജലസംഭരണികളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഒരു ബൃഹത് പദ്ധതി ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ് അഡാക്ക് വഴി നടപ്പിലാക്കി വരുന്നു. 2010 വർഷത്തിൽ ആരംഭിച്ച പദ്ധതിയിൽ നാളിതുവരെ 9 ജില്ലകളിലായി 19 ജലസംഭരണികളിൽ ഏകദേശം 1.11 കോടി മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയുണ്ടായി.

*11.* ആർ.കെ.വി.വൈ. - നിറവ് പദ്ധതി

നിറവ് പദ്ധതി പ്രകാരം തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലത്തിലും എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നിയമസഭാ മണ്ഡലത്തിലും 30 ഹെക്ടർ വീതം പൊക്കാളി പാടങ്ങളിൽ ഓരുജല മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

*12.* പൊയ്യ ഫാം/എരഞ്ഞോളി ഫാം

മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി അഡാക്കിന്റെ കീഴിൽ തൃശൂർ ജില്ലയിൽ പൊയ്യ ഫാമിലും, കണ്ണൂർ ജില്ലയിൽ എരഞ്ഞോളി ഫാമിലും മത്സ്യകൃഷി നടപ്പിലാക്കി വരുന്നു.

*13.* ഓടയം ഹാച്ചറി, വർക്കല

അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കലയിലെ ഓടയത്ത് പ്രവർത്തിച്ചു വരുന്ന ഹാച്ചറിയിൽ നിന്ന് ഗുണമേന്മയുള്ള ചെമ്മീൻ, ആറ്റുകൊഞ്ചു കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി വരുന്നു.

ടി.എസ് 15.06.13.

സെക്ഷൻ ഓഫീസർ